# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: ksa.alp.bp/489/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/05/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)അസി.ഡെവലപ്മെന്റ് കമ്മീഷണർ(ജനറൽ)ആലപ്പുഴ
2)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
നമ്പർ:

നമ്പർ: ksa.alp.bp/489/2022. തീയ്യതി: 19/05/2022

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഹരികുമാർ.ജി, | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-04-2022 | 19-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-04-2022 | 19-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.),
ശ്രീ.റോയി.ടി.എം.,അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജി ജോൺ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി നിർമ്മല ശിവദാസൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീ..പി.എം.പ്രമോദ് | പ്രസിഡന്റ് | 01-01-2021 | 31-03-2021 |
| ശ്രീ.ബിജുകുമാർ | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സിറാജുദ്ദീൻ.എം.എ. | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ദിലീപ്.എസ്. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, | 01-04-2020 | 31-03-2021 |
| ശ്രീ.സുബ്രഹ്മണ്യൻ | ഇൻഡസ്ട്രീയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ബിനീഷ്.കെ. | എസ്.സി.ഡി.ഓ. | 01-04-2020 | 13-09-2020 |
| ശ്രീമതി.സിനി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 20-06-2020 |
| ശ്രീമതി.ജിഷ ആന്റണി | അസിസ്റ്റന്റ് എഞ്ചിനീയർ | 21-06-2020 | 31-03-2021 |
| ശ്രീമതി.സുധാലക്ഷ്മി | സി.ഡി.പി.ഓ | 01-04-2020 | 04-09-2020 |
| ശ്രീമതി.ശോഭന | സി.ഡി.പി.ഓ | 04-09-2020 | 24-09-2020 |
| ശ്രീമതി.ശ്രീജ.പി. | സി.ഡി.പി.ഓ | 25-09-2020 | 31-03-2021 |
| ശ്രീമതി.പ്രവീണ.ജി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ലിനി | എസ്.സി.ഡി.ഓ. | 14-09-2020 | 31-03-2021 |

അഡ്മിനിസ്റ്റേറ്റീവ് കമ്മറ്റി - 12.11.2020 - 30.12.2020

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Elsamma (Audit Officer, On 20-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Elsamma (Audit Officer, On 20-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-2 |
| 3 | വാർഷിക കണക്ക് പരിശോധന – അപാകതകൾ .<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Elsamma (Audit Officer, On 20-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 20-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Elsamma (Audit Officer, On 20-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-5 |
| 7 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം<br>Written By: Elsamma (Audit Officer, On 22-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-7 |
| 9 | ഇ-ടെണ്ടർ ഫീസ്<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-8 |
| 10 | വൗച്ചർ പരിശോധനയിലെ കണ്ടെത്തിയ അപാകതകൾ<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-9 |
| 11 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്റ്റ് നം. 35/21) – അഡ്വാൻസ് തുക കൈപ്പറ്റിയതിന് ശേഷം നിർമ്മാണം ആരംഭിച്ചില്ല<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-10 |
| 12 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 1-11 |
| 13 | റോഡ് പ്രോജക്ടുകൾ ഏറ്റെടുക്കമ്പോൾ വ്യവസ്ഥകൾ പാലിച്ചില്ല<br>Written By: Elsamma (Audit Officer, On 22-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-12 |
| 14 | പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല (2020-21)<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-13 |
| 15 | മുൻകൂർ തുക ക്രമീകരിക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-14 |
| 16 | മുൻകൂർ തുക നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-15 |
| 17 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആശുപത്രിയിലേക്ക് | 1-16 |

| | | |
|---|---|---|
| | ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്റ്റ് നടത്തിപ്പിലെ അപാകതകൾ<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | |
| 18 | സെക്കന്ററി പാലിയേറ്റീവ് കെയർ - നടത്തിപ്പിലെ അപാകതകൾ - 2020-21<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-17 |
| 19 | പെരുമ്പളം സി.എച്ച്.സി.യിലേക്ക് ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കൽ - രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-18 |
| 20 | അരൂക്കുറ്റി സി.എച്ച്.സി. മെഡിക്കൽ ഓഫീസർ - പ്രോജക്റ്റ് നടത്തിപ്പ് – രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്<br>Written By: Siji (Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-19 |
| 21 | മത്സ്യ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - മോണിട്ടറിംഗ് ഫലപ്രദമല്ല<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-20 |
| 22 | തേന്തറ കലുങ്ക് നിർമ്മാണം-പാണാവള്ളി പഞ്ചായത്ത് വാർഡ് 17<br>Written By: Elsamma (Audit Officer, On 22-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-21 |
| 23 | ഐ.കെ.എം പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-22 |
| 24 | അഗതി രഹിത കേരളം - രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-23 |
| 25 | അംഗൻവാടി നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം - ചെലവ് രേഖകൾ ഹാജരാക്കിയില്ല<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-24 |
| 26 | ലൈഫ് ഭവന പദ്ധതിയ്ക്ക് വിഹിതം നൽകൽ - രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-25 |
| 27 | വനിതാ ഗ്രൂപ്പുകൾക്ക് തെങ്ങിൻതൈ നഴ്സറി (പ്രോ.നം 79/21) - പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല, ഭൗതിക ലക്ഷ്യം കൈവരിച്ചതായി രേഖയില്ല<br>Written By: T.M Roy (Senior Grade Auditor, On 19-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പത്രപരസ്യം നൽകിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല<br>Written By: Elsamma (Audit Officer, On 23-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 3-1 |
| | **ഭാഗം 4** | |

| | | |
|---|---|---|
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 21-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 19-05-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 21-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 21-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 21-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Elsamma (Audit Officer, On 21-04-2022)<br>Last Updated By: Elsamma (Audit Officer, On 12-05-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

13.3.2020 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 396097187 | 395125235 |
| വാർഷികകണക്ക് പ്രകാരം | 56394611 | 55353727 |

17.02.2021-ാം തീയതിയിലെ പുതുക്കിയ ബജറ്റ് പ്രകാരം ആകെ വരവ് 280839041/-രൂപയും ആകെ ചെലവ് 268242484/-രൂപയുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 12.07.2021 |

### 1-2-1 വാർഷിക കണക്ക് പരിശോധന – അപാകതകൾ .

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകൾ താഴെ ചേർക്കുന്നു.

1) വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ ഉൾപ്പെടുത്തിയിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാലങ്ങളിൽ ആർജ്ജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളത്തക്ക തരത്തിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്)152/11/ ത.സ്വ.ഭ.വ തീയതി:26.07.2011) നടപ്പാക്കിയിട്ടില്ല. 2019-20 ലെ ആസ്തി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3) ബ്ലോക്ക് പഞ്ചായത്തിലെ ഭരണസമിതി അംഗങ്ങളുടെ ഓണറേറിയം, ദിവസവേതന ജീവനക്കാരുടെ ശമ്പളം, ഭരണസമിതി അംഗങ്ങൾ, ജീവനക്കാർ എന്നിവർക്കുള്ള ഇതര അലവൻസുകളിലെ കുടിശ്ശിക ബാധ്യത (റ്റി.എ,സിറ്റിംഗ് ഫീ Etc.) ഉൾപ്പടെയുള്ള എല്ലാ വർഷാന്ത്യ ബാധ്യതകളും (Outstanding Liabilities) വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല. തൻവർഷത്തെ എല്ലാ ഭരണച്ചെലവുകൾക്കുമുള്ള പ്രൊവിഷൻ (ടെലഫോൺ, കറന്റ് ചാർജ്ജ്) വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തി വരുന്നില്ല.

4) മുൻ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതത്തിൽ 3848018/- രൂപ മുന്നിരിപ്പുണ്ട്. തൻവർഷം ഗ്രാമ പഞ്ചായത്ത് വിഹിതമായി 55000/- രൂപ ലഭിച്ചതായും 45000/- രൂപ ചെലവഴിച്ചതായും വാർഷിക കണക്കിൽ രേഖപ്പെടുത്തി കാണുന്നു. ഇതനുസരിച്ച് തൻവർഷത്തെ നീക്കിയിരുപ്പ് 3858018/- രൂപയാണ് വരേണ്ടത്. എന്നാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4ൽ 3781303/- രൂപ നീക്കിയിരുപ്പുള്ളതായി കാണിച്ചിരിക്കുന്നു. സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് 90000/- രൂപ മാത്രമാണ്.

5) സുലേഖ ചെലവ് പത്രിക പ്രകാരം ജില്ലാപഞ്ചായത്ത് വിഹിതത്തിൽ നിന്നും തൻവർഷം 5,88,000/- രൂപ ചെലവഴിച്ചതായി കാണിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം തൻവർഷം 28000/- രൂപ മാത്രമാണ് ചെലവഴിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത്.

6) ടോട്ടൽ സാനിട്ടേഷൻ അക്കൗണ്ടിലെ മുന്നിരിപ്പ് 813113/- രൂപയാണ്. തൻവർഷത്തെ വാർഷിക കണക്ക് പ്രകാരം ഈയിനത്തിൽ 22718/- രൂപയുടെ പലിശ വരവ് മാത്രമാണ് ഉള്ളത്. ഇതനുസരിച്ച് നീക്കിയിരുപ്പ് 835831/- രൂപയാണ് വരേണ്ടത്. എന്നാൽ വാർഷിക കണക്കിൽ 849358/- രൂപ നീക്കിയിരുപ്പ് ഉള്ളതായി കാണിച്ചിരിക്കുന്നു.

6) ബ്ലോക്ക് പഞ്ചായത്തിലെ ഓരോ ആസ്തികളുടെയും മൂല്യം, ആസ്തി ആർജിച്ചതും വിറ്റൊഴിഞ്ഞതുമായ കാലയളവ് എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ തേയ്മാനച്ചെലവ് (Depreciation) കണക്കാക്കിയതിൽ കൃത്യതയില്ല. പല ആസ്തികൾക്കും പ്രത്യേകം ശീർഷകങ്ങൾക്ക് പകരം പൊതുവായ

ശീർഷകങ്ങളാണ് ഉപയോഗിക്കുന്നത്. ഉദാഹരണത്തിന് വാർഷിക കണക്കിൽ വാഹനത്തിന്റെ ആകെ മൂല്യത്തേക്കാൾ (4164660) കൂടുതൽ തുക ഡിപ്രീസിയേഷൻ (5257668) ആയി നൽകിയിരിക്കുന്നു.

7) നിരത ദ്രവ്യം, സെക്യൂരിറ്റി നിക്ഷേപം മുതലായ ഇനങ്ങളിലെ തൻവർഷ വരവ്, തിരികെ നൽകിയ തുക, മുതൽക്കൂട്ടിയ തുക എന്നിവ ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

8) മുൻ വർഷങ്ങളിലെ ബാലൻസ് ഷീറ്റിലും തൻ വർഷത്തെ ബാലൻസ് ഷീറ്റിലും ഷെഡ്യൂൾ B-9 പ്രകാരം Govt.& Other Dues Payable ശീർഷകത്തിൽ 39,117/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുക സാംഖ്യ ആരംഭിച്ച തീയതി മുതൽ അക്കൗണ്ട്സിൽ ചേർത്തിട്ടുള്ളതാണ്. ഈ ബാധ്യത ഏതിനത്തിലുള്ളതാണെന്നും എന്തുകൊണ്ടാണ് തുക ചെലവഴിക്കാത്തത് എന്നതിനുള്ള വിശദവിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16032830 |
| വരവ് | 56394611 |
| ആകെ | 72427441 |
| ചെലവ് | 55353727 |
| നീക്കിയിരിപ്പ് | 17073714 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 22606023 | 22606023 | 22571656 | 34367 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 12289530 | 12289530 | 10288731 | 2000799 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 365000 | 365000 | 365000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 3941726 | 3941726 | 3941726 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 93 | 75939748 | 66 | 45764710 | 9 | 18 | 70.97 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.04.2022-ന് 1 Pm-ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.
4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ആസ്തികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-8 ഇ-ടെണ്ടർ ഫീസ്

ബ്ലോക്ക് പഞ്ചായത്ത് 2019-20, 2020-21 വർഷം ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെന്റർ ഫീസിനത്തിൽ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ക്രെഡിറ്റ് വന്ന തുക ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് കൈമാറേണ്ടതുമാണ്.

## 1-9 വൗച്ചർ പരിശോധനയിലെ കണ്ടെത്തിയ അപാകതകൾ

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 സാമ്പത്തികവർഷത്തെ വൗച്ചർ പരിശോധനയിൽ വിവിധ ആവശ്യങ്ങൾക്കായി തുക ചെലവഴിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടു.

| ക്രമ നം. | GPG -വൗച്ചർ നം./ | തുക | അപാകതകൾ |
|---|---|---|---|
| 1 | 5-4/2020 | 21069/- | സാനിറ്റൈസർ വാങ്ങിയത് - 6069/- രൂപ, മാസ്ക് വാങ്ങിയത് - 15000/- രൂപ എന്നിങ്ങനെയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ആയതിന്റെ ബിൽ ബിൽ വൗച്ചറിനൊപ്പം ലഭ്യമല്ല. (ചെക്ക് നം.2181707/17.4.20) |
| 2 | 5-5/20 | 5013/- | കമ്മിറ്റികൾക്ക് റിഫ്രഷ്മെന്റിനത്തിൽ ചെലവായ തുകയുടെ ബിൽ വൗച്ചറിനൊപ്പം ലഭ്യമാക്കിയില്ല. (ചെക്ക് നം.2783634/ 15.5.20) |
| 3 | 13-6/20 | 35500/- | പാണാവള്ളി ഗ്രാമപഞ്ചായത്ത് CDS ൽ നിന്നും മാസ്ക് വാങ്ങിയതിനായി 35500/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. (ചെക്ക് നം.2899186/30.6.20) |

| | | | |
|---|---|---|---|
| 4 | 14-8/20 | 6500/- | ചെക്ക് നം. 2926560/26.8.20 പ്രകാരം 6500/- രൂപ യാത്രാബത്തയിനത്തിൽ സന്ധ്യ രാമചന്ദ്രൻ, അനിഷ ലാൽ എന്നിവർക്കായി (2750 + 3750) നല്കിയിട്ടുണ്ട്. യാത്രാബത്ത സംബന്ധിച്ച സ്റ്റേറ്റ്മെന്റോ മേൽ വ്യക്തികളുടെ അപേക്ഷയോ ഹാജരാക്കിയിട്ടില്ല. |
| 5 | 5-3/21 | 53000/- | ബ്ലോക്ക് പഞ്ചായത്ത് ഇലക്ഷനിലെ സ്ഥാനാർത്ഥികൾക്ക് കെട്ടിവച്ച പണം തിരികെ നല്കിയതിനായി 53000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വൗച്ചറിനൊപ്പം അസൽ രസീതുകൾ ലഭ്യമാക്കിയിട്ടില്ല (ചെക്ക് നം.5284103/10.3.21) |
| 6 | 13-3/21 | 600/- | ബ്ലോക്കിലെ പി.റ്റി.എസ്. ലീവിൽ പ്രവേശിച്ച 2021 ഫെബ്രുവരി 5.6.8.9.10,11,12,15,16 എന്നീ തീയതികളിലേക്കായി താൽക്കാലിക സ്വീപ്പർക്ക് 300/- രൂപ നിരക്കിൽ 9 ദിവസത്തേക്ക് 2700/- രൂപ വേതനം നല്കിയിട്ടുണ്ട്. എന്നാൽ ഹാജർ പുസ്തകം പ്രകാരം 5.2.21, 6.2.21 തീയതികളിൽ സ്ഥിരം പി.റ്റി.എസ്. ഹാജർ രേഖപ്പെടുത്തിയിട്ടുണ്ട് (ചെക്ക് നം.5284111/29.3.21 തുക 38141/-) |
| | ആകെ | 121682/- | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം.2/8.4.22, 4/11.4.22) മറുപടി ലഭ്യമാക്കിയില്ല. ആവശ്യമായ രേഖകളോ വിശദീകരണമോ ലഭ്യമാക്കേണ്ടതാണ്. 121682/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-10 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നം. 35/21) - അഡ്വാൻസ് തുക കൈപ്പറ്റിയതിന് ശേഷം നിർമ്മാണം ആരംഭിച്ചില്ല

പട്ടികജാതി വികസന ഓഫീസർ 2020-21 വർഷം നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പ്രോജക്ട് പ്രകാരം 11 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിനായി 2200000/- രൂപ വകയിരുത്തിയതിൽ 2050000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും തൻവർഷം ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, പാണാവള്ളി ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ഗ്രാമസഭാ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുമാരി മീനാക്ഷി, പോണോത്ത്, തൃച്ചാറ്റുകുളം എന്ന വിദ്യാർത്ഥിയ്ക്ക് പഠനമുറി നിർമ്മാണത്തിനായി 50,000/- രൂപ (ബിൽ നം. 05/2020-21/30.10.2020) കുട്ടിയുടെ അമ്മയായ ജിജി സന്തോഷിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് മുൻകൂർ നൽകിയിരുന്നു. എന്നാൽ ടിയാരി നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് ശേഷിക്കുന്ന തുക കൈപ്പറ്റിയിട്ടില്ല. അഡ്വാൻസ് തുക കൈപ്പറ്റിയതിന് ശേഷം പഠനമുറി നിർമ്മാണം പൂർത്തിയാക്കാത്ത മേൽ ഗുണഭോക്താവിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടി വിശദീകരിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം. 15/19.4.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്താവ് പഠനമുറി നിർമ്മിക്കുവാൻ തയ്യാറാകാത്തപക്ഷം അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ

പ്രോജക്ട് നം. 24/20-21 – കറവപശുക്കൾക്ക് കാലിത്തീറ്റ
തുക അടങ്കൽ - 2878400 – (1173200/- വികസന ഫണ്ട് - പൊതുവിഭാഗം
266000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്
1439200/- മറ്റുള്ളവ- ഗുണഭോക്തൃവിഹിതം)
ചെലവ് - 1439200/-

1. ട്രഷറി ബിൽ നം. 2/29.12.20 പ്രകാരം വിവിധ സംഘങ്ങൾക്കായി 266000/- രൂപ നല്കിയിട്ടുണ്ട്. ഇതിൽ പൂച്ചാക്കൽ KUCS No. A-170 ന് നല്കിയത് 67350/- രൂപയാണ്. എന്നാൽ 57 ഗുണഭോക്താക്കൾക്ക് 1200/- രൂപ നിരക്കിൽ സബ്സിഡി നല്കേണ്ടത് 68400/- രൂപയാണ്. നല്കിയിരിക്കുന്നത് 67350/- രൂപ മാത്രമാണ്.

2. ട്രഷറി ബിൽ നം. 4/31.3.21 പ്രകാരം വിവിധ സംഘങ്ങൾക്കായി 312585/- രൂപ നല്കിയിട്ടുണ്ട്. ഇതിൽ കെ.ആർ.പുരം കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് (A 202 D) നല്കിയത് 93025/- രൂപയാണ്. ഇത് 80 ഗുണഭോക്താക്കൾക്കുള്ള

സബ്സിഡിയാണ്. ഇതിൽ സലിലകുമാർ, ചൂഴികാട്ട് എന്ന ഗുണഭോക്താവിന് 595/- രൂപയും (ബിൽ നം. 3477/9.2.21) മറ്റുള്ളവർക്ക് എല്ലാം 1170/- രൂപ വീതവുമാണ് നല്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/8.4.22) മറുപടി ലഭ്യമാക്കിയില്ല.

വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 റോഡ് പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ വ്യവസ്ഥകൾ പാലിച്ചില്ല

സ.ഉ.(കൈ) നം.11/2018/തസ്വഭവ, തീയതി 29.01.2018 ലെ ഖണ്ഡിക 7.13(3) പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രൊജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ താഴെ പറയുന്ന വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങണം.

2. പ്രധാനമന്ത്രി ആവാസ് യോജനക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം.

തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് തൻവർഷം റോഡ് റീടാറിംഗ്, മെറ്റലിംഗ്, ടാറിംഗ്, എന്നീ ഇനങ്ങളിലായി പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രമോ പ്രധാനമന്ത്രി ആവാസ് യോജനക്ക് വകയിരുത്തേണ്ടതായ മുഴുവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രമോ ഒരു ഫയലിലും സൂക്ഷിച്ചിട്ടില്ല.

മേൽ വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത് സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-13 പത്രപ്പരസ്യം നല്കിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല (2020-21)

താഴെപ്പറയുന്ന പത്രപ്പരസ്യങ്ങൾക്കായി ചെലവഴിച്ച തുകകളിൽ നിന്നും 15% ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | തുക | ദിനപ്പത്രം | ബിൽ നം. | GST കുറച്ചുള്ള തുക |
|---|---|---|---|---|---|
| 1 | 4-5/20 | 10920/-<br>(ചെക്ക് നം. 2783633/11.5.20) | മാതൃഭൂമി | ബിൽ ലഭ്യമാക്കിയില്ല | 10400/- |
| 2 | 2-7/20 | 14166/- (8736 + 5430)<br>(ചെക്ക് നം. 2899188/1.7.20) | മാതൃഭൂമി | - ടി - | 13491/- |
| 3 | 11-10/2020 | 23642/- ( 8736 + 6388 + 8518)<br>(ചെക്ക് നം. 1971072/23.10.20) | മാതൃഭൂമി | 321000031219/26.8.20- 8736/-<br>321000034654/5.9.20- 6388/-<br>321000032276/29.8.20- 8518/- | 22516/- |
| 4 | 2-1/2021 | 16244/- (10920 + 5324)<br>(ചെക്ക് നം. 1764056/5.1.21) | മാതൃഭൂമി | 321000045175/11.10.20- 10920/-<br>321000052474/29.10.20- 5324/- | 15510/- |
| | | ആകെ തുക | | | 61917 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 2/8.4.22, 4/11.4.22) മറുപടി ലഭ്യമാക്കിയില്ല. ട്രേഡ് ഡിസ്കൗണ്ട് 9287/- രൂപ (61917 X 15%) ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 മുൻകൂർ തുക ക്രമീകരിക്കാത്തത് സംബന്ധിച്ച്

2021-22 വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ഉണ്ടായേക്കാവുന്ന ചെലവുകൾക്കായി ചെക്ക് നം.1265287/6.2.21 പ്രകാരം ശ്രീ. മഹേഷ്.സി., ജനറൽ എക്സ്റ്റൻഷൻ ഓഫീസർക്ക് 40000/- രൂപ (വൗച്ചർ നം.4-2/21) 05.02.21 ൽ മുൻകൂർ അനുവദിച്ചിട്ടുണ്ട്. മേൽ തുക ക്രമീകരിച്ചതിന്റെ വിശദ വിവരം അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/11.4.22) മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണ്. സമയബന്ധിതമായി തുക ക്രമീകരിച്ചിട്ടില്ലാത്തപക്ഷം ജി.ഒ.(പി.)നം.419/11/ഫിൻ.,തീ.4.10.2011 പ്രകാരമുള്ള നിയമാനുസൃത പിഴ ഈടാക്കേണ്ടതുമാണ്. ചെലവ് തുക 40000/- തടസ്സപ്പെടുത്തുന്നു.

## 1-15 മുൻകൂർ തുക നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായിട്ടില്ല

2020-21 സാമ്പത്തികവർഷം മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., അരൂക്കുറ്റി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രോജക്ടുകളിൽ മരുന്നുകൾക്കായി മുൻകൂർ തുക നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| | പ്രോജക്ട് നം./പേര്, അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|
| 1 | 20/20-21 – സി.എച്ച്.സി.കൾക്ക് മരുന്നുവാങ്ങൽ 1100000/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം) | 1100000/- | എ) ട്രഷറി ബിൽ റഫറൻസ് നം. 2006076301170025438 8/12.6.20 - 400000/- പ്രകാരം 200000/- രൂപ സി.എച്ച്.സി. പെരുമ്പളത്തിനും, 200000/- രൂപ സി.എച്ച്.സി. തൈക്കാട്ടുശ്ശേരിക്കും നല്കിയിട്ടുണ്ടെങ്കിലും ആയതിന് മരുന്നുകൾ ലഭ്യമായ വിവരം ലഭ്യമാക്കിയിട്ടില്ല. |
| | | | ബി) ട്രഷറി ബിൽ റഫറൻസ് നം. 20060763011701072448/11.2.21 - പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി 200000/- രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സ് നം. PRF 4934/30.1.21 പ്രകാരമുള്ള മരുന്നുകൾക്കായി നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. |
| | | | സി) ട്രഷറി ബിൽ റഫറൻസ് നം. 20060763011701077002/11.2.21 - പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി 500000/- രൂപ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രോഫോർമ ഇൻവോയ്സ് നം. PRF 4861/27.1.21 പ്രകാരമുള്ള മരുന്നുകൾക്കായി നല്കിയിട്ടുണ്ടെങ്കിലും മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കിയില്ല. |
| 2 | 17/2020-21 - സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ 600000/- (300000 – വികസന ഫണ്ട്, 300000/-ധനകാര്യ കമ്മീഷൻ അവാർഡ് ) | 596214/- (299979 + 296235) | എ) മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ PRF 4181/4.1.21 – 18500/-, PRF- 4183/4.1.21 – 65000/- രൂപയുടെയും പ്രോഫൊർമ ഇൻവോയ്സ് പ്രകാരം 83500/- രൂപ 12.1.21 ൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ടെങ്കിലും (ട്രഷറി ബിൽ - BRN No.928973) മരുന്നുകൾ ലഭ്യമാക്കിയതു സംബന്ധിച്ച ബില്ലുകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. |
| | | | ബി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ PRF 5282/9.2.21 പ്രോഫൊർമ ഇൻവോയ്സ് പ്രകാരം 20975/- രൂപ 11.2.21 ൽ |

| | |
|---|---|
| | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നല്കിയിട്ടുണ്ടെങ്കിലും (ട്രഷറി ബിൽ - BRN No.1076999) മരുന്നുകൾ ലഭ്യമാക്കിയതു സംബന്ധിച്ച ബില്ലുകൾ ഓഡിറ്റിൽ ഹാജരാക്കിയില്ല. |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 10/18.4.22, 11/18.4.22) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ആകെ 1696214/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - പ്രോജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട് നം.113/2020-21 - കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആശുപത്രിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ - 250000/- (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 247925/-

കേരള സർജിക്കൽ എക്യുപ്മെന്റ് കമ്പനിയിൽ നിന്നും ക്വട്ടേഷൻ പ്രകാരം വിവിധ ഉപകരണങ്ങൾ വാങ്ങിയതിനായി താഴെപ്പറയും വിധമാണ് തുക ചെലവഴിച്ചിരിക്കുന്നത്.

എ) ട്രഷറി ബിൽ റഫറൻസ് നം. 20060763011701439225/30.3.21 - 87465/-രൂപ

ഇൻഫ്രാറെഡ് തെർമോമീറ്റർ - 35 എണ്ണം - ഇൻവോയ്സ് നം.10539/22.3.21

(ക്വട്ടേഷൻ നം.ബി.190/21/8.2.21 )

ബി) ട്രഷറി ബിൽ റഫറൻസ് നം. 20060763011701439212/30.3.21 - 74580/- രൂപ

പൾസ് ഓക്സി മീറ്റർ - 60 എണ്ണം - ഇൻവോയ്സ് നം.10542/22.3.21

(ക്വട്ടേഷൻ നം.ബി.190/21/10.2.21 )

സി) ട്രഷറി ബിൽ റഫറൻസ് നം. 20060763011701439187/30.3.21 - 85880/-രൂപ

ഓക്സിജൻ കോൺസൻട്രേറ്റർ - 2 എണ്ണം - ഇൻവോയ്സ് നം.10541/22.3.21

(ക്വട്ടേഷൻ നം.ബി.190/21/6.2.21 )

അപാകതകൾ

1. പ്രോജക്ട് നിർവ്വഹണ മാർഗ്ഗനിർദ്ദേശപ്രകാരം ക്വട്ടേഷൻ/ടെണ്ടർ കൂടാതെ വാങ്ങാൻ അനുമതിയുള്ള സർക്കാർ/ഓട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങേണ്ടതെങ്കിലും ഇവിടെ ക്വട്ടഷൻ പ്രകാരം സ്വകാര്യ സ്ഥാപനത്തിൽ നിന്നുമാണ് സാധനങ്ങൾ വാങ്ങിയിട്ടുള്ളത്.

2. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

3. സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം ലഭ്യമാക്കിയില്ല.

ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതും വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/18.4.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 1-17 സെക്കന്ററി പാലിയേറ്റീവ് കെയർ - നടത്തിപ്പിലെ അപാകതകൾ - 2020-21

പ്രോജക്ട് നം./പേര് - 17/2020-21 - സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ

അടങ്കൽ - 600000/- (300000 – വികസന ഫണ്ട്,

300000/-ധനകാര്യ കമ്മീഷൻ അവാർഡ് )

ചെലവ് - 597234/- (299979/- വികസന ഫണ്ട്,

296235/-ധനകാര്യ കമ്മീഷൻ അവാർഡ് )

അപാകതകൾ

പ്രൈമറി പാലിയേറ്റീവ് പരിചരണം ലഭിക്കുന്നതിൽ ഇപ്പോൾ ലഭിക്കുന്നതിനേക്കാൾ കൂടുതൽ പരിചരണം ആവശ്യമായി വരുന്നവരെയാണ് സെക്കന്ററി തലത്തിൽ പരിചരിക്കുന്നത്. ഇതിനായി അരുക്കുറ്റി സി.എച്ച്.സി.യിലെ

മെഡിക്കൽ ഓഫീസറുടെ സേവനം ലഭ്യമാണ്. കൂടാതെ ഒരു ഫിസിയോതെറാപ്പിസ്റ്റിന്റെയും സ്റ്റാഫ് നഴ്സിന്റെയും സേവനം ലഭ്യമാക്കുക എന്നതാണ് പ്രോജക്ട് ലക്ഷ്യം.

പഞ്ചായത്ത് തലത്തിലുള്ള പ്രൈമറി പാലിയേറ്റീവ് ടീമും ബ്ലോക്ക് തലത്തിലുള്ള സെക്കന്ററി പാലിയേറ്റീവ് ടീമും ഒരേ ദിവസം തന്നെ ഒരേ രോഗികളെ സന്ദർശനം നടത്തുന്നതായി കാണുന്നു.

തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ 5 പഞ്ചായത്തുകളിലും പ്രൈമറി പാലിയേറ്റീവ് പ്രവർത്തിച്ചുവരുന്നു. ഇതു കൂടാതെയാണ് ബ്ലോക്ക് തലത്തിലുള്ള സെക്കന്ററി പാലിയേറ്റീവ് കെയർ ടീമിന്റെ പ്രവർത്തനം നടന്നുവരുന്നത്. രണ്ടു ടീമിന്റെയും ഹോംകെയർ രജിസ്റ്റർ പ്രകാരം പല ദിവസങ്ങളിലെയും അതത് പഞ്ചായത്തുതലത്തിലുള്ള ടീം പരിചരണം നടത്തുന്നതോടൊപ്പം തന്നെയാണ് സെക്കന്ററി പാലിയേറ്റീവ് ഓരോ പഞ്ചായത്തിലും രോഗികൾക്ക് പരിചരണം നടത്തുന്നതായി കാണുന്നത്. ഫിസിയോതെറാപ്പിസ്റ്റ്, സ്റ്റാഫ് നഴ്സ് എന്നിവരുടെ പേരുകൾ രണ്ടു രജിസ്റ്ററിലും ഒരേ ദിവസം ചേർത്തിരിക്കുന്നു. രണ്ടു ടീമിനുമായി രണ്ടു വാഹനങ്ങൾ കരാർ പ്രകാരം ഓടുന്നുണ്ട്. അതായത് രണ്ടു വാഹനങ്ങളിലും ഒരേ ദിവസം രാവിലെ മുതൽ വൈകിട്ട് വരെ സഞ്ചരിച്ചതിൽ ഒരേ ആർക്കാർ തന്നെയുണ്ട്. ഇപ്രകാരം ഒരു രോഗിയുടെ പരിചരണത്തിനായി രണ്ടു ടീമുകളിലുമുൾപ്പെടെ 6-7 പേരാണ് ഒരു ദിവസം തന്നെ പോകുന്നത്.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ദിവസം | പഞ്ചായത്ത് | രണ്ടു ടീമും പരിചരണത്തിനായ പോയ രോഗികൾ |
|---|---|---|
| 16.4.20 | അരൂക്കുറ്റി | മാനുവൽ, പനക്കത്തറ<br>വനജ, ശങ്കരമംഗലം<br>മണിയപ്പൻ, പുത്തൻവീട് |
| 4.7.20 | -ടി- | താഞ്ചൻ, പുതുക്കേരിൽ<br>ശാന്ത, പുതുക്കേരിൽ<br>ശശി, ധന്യ നിവാസ്<br>സൈനബ, കൊടിയന്തറ<br>കരുണാകരൻ, നമ്പൂടിൽ<br>വനജ, ശങ്കരഭവനം<br>ദേവസ്യ, തറയിൽ |
| 16.7.20 | -ടി- | മാനുവൽ, പനക്കത്തറ<br>ബെൻസൻ, മുടിത്തറ<br>മുഹമ്മദ്, താനത്തിൽ<br>സുമേഷ്/രാജേഷ്, പനയത്തിൽ<br>ഗോമതി, കാട്ടുവള്ളിയിൽ<br>നാരായണി, ഇദയനാട് |
| 20.1.2021 | -ടി- | മാലതി, വെളീപ്പറമ്പിൽ<br>താഹിറ, കുമ്പളാക്കൽ<br>ഉമൈബ, എരമംഗലം<br>മംഗല്യ, തറയിൽ |
| 11.9.20 | തൈക്കാട്ടുശ്ശേരി | കുഞ്ഞപ്പൻ, കുന്നത്തുശ്ശേരി<br>വിശ്വംഭരൻ, മേക്കരവെളി<br>ഓമന പുല്ലാട്ട്<br>മണിയപ്പൻ, കാരാംകണ്ടത്തിൽ |

| | | |
|---|---|---|
| | | ദേവകിയമ്മ, മണിമലവെളി |
| 12.2.21 | -ടി- | ശ്യാമള, നികർത്തിൽ<br>ശ്രീധരൻ, തോട്ടചിറ<br>കുഞ്ഞമ്മിണി, പുത്തൻവെളി<br>രഞ്ജിത്ത്, ചെട്ടുകാട്ടുവെളി<br>അംബിക, വിജയഭവനം<br>നീരജ്, വെളിയിൽ<br>പാത്തുമ്മ, ഫൗസിയ മൻസിൽ |
| 3.6.20 | പെരുമ്പളം | സൈമൺ, തെക്കുംപ്ലാത്ത്<br>തങ്കപ്പൻ, കൊച്ചുവെളി<br>ശാന്ത, കൊച്ചുവെളി |
| 16.9.20 | - ടി - | സുശീല, ഇടയത്തുവെളി<br>സൈമൺ, തെക്കുംപ്ലാത്ത്<br>അന്നക്കുട്ടി, കണ്ടമംഗലത്ത്<br>റജി, പീടികച്ചിറ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/18.4.22) മറുപടി ലഭ്യമാക്കിയില്ല.
രണ്ടു ടീമിന്റെയും പ്രവർത്തനങ്ങൾ സുതാര്യമല്ല എന്നും ഒരേ ദിവസം ഒരേ രോഗികളെ സന്ദർശിക്കുന്നതിന് രണ്ടു വാഹനങ്ങൾ ഓടുന്നതുവഴിയും ഭക്ഷണച്ചെലവിനത്തിലും കണക്കുകളിൽ ഇരട്ടിപ്പ് ഉണ്ടെന്നും ഇതിൽനിന്നും മനസ്സിലാക്കുന്നു.

സെക്കന്ററി ലെവൽ പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികളെ മെഡിക്കൽ ഓഫീസർമാർ നിർദ്ദേശിക്കേണ്ടതും അവർക്കുമാത്രം സെക്കന്ററി ലെവൽ ടീമിന്റെ പരിചരണം ലഭ്യമാക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ മോണിട്ടറിംഗ് സമിതി സ്വീകരിക്കേണ്ടതും പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിക്കുന്നതിന് പഞ്ചായത്തുതലത്തിലും ബ്ലോക്ക് തലത്തിലുമുള്ള ടീമുകളുടെ ഏകോപനം നടത്തേണ്ടതുമാണ്.

കൂടാതെ, പാലിയേറ്റീവ് കെയറിനായി വിലയേറിയ പല ഉപകരണങ്ങളും വാങ്ങുന്നുണ്ടെങ്കിലും വാങ്ങുന്ന ഉപകരണങ്ങൾ ആർക്കൊക്കെ വിതരണം ചെയ്യുന്നു, വീണ്ടും ഉപയോഗിക്കാവുന്ന ഉപകരണങ്ങൾ ഒരു രോഗിയുടെ ആവശ്യത്തിനുശേഷം മറ്റൊരാൾക്ക് നല്കുന്നുണ്ടോ തുടങ്ങിയ വിവരങ്ങളൊന്നുംതന്നെ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലെയും പ്രൈമറി ലെവൽ ടീമിന്റെയും സെക്കന്ററി ലെവൽ ടീമിന്റെയും ഹോംകെയർ രജിസ്റ്ററുകളും മറ്റു രജിസ്റ്ററുകളും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും കണക്കുകളിൽ ഇരട്ടിപ്പ് ഉണ്ടായിട്ടുള്ളത് കണ്ടെത്തി നഷ്ടമായ തുക തിരികെ ഈടാക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി.)യും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ട താണ്.

## 1-18 പെരുമ്പളം സി.എച്ച്.സി.യിലേക്ക് ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കൽ - രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

പ്രോജക്ട് നം./പേര് - 70/2020-21 - പെരുമ്പളം സി.എച്ച്.സി.യിലേക്ക് ഡോക്ടർ, ഫാർമസിസ്റ്റ് എന്നിവരെ നിയമിക്കൽ -

അടങ്കൽ - 660000/- (300000 – വികസന ഫണ്ട്,

300000/-ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് - 536171/- (325871/- വികസന ഫണ്ട്,

210300/-ധനകാര്യ കമ്മീഷൻ അവാർഡ്)

അപാകതകൾ

1) ട്രഷറി ബിൽ (BRN No.) - 193601/25.5.20 – 55000

315017/3.7.20 - 110000

481441/27.8.20 - 37323

418531/12.8.20 - 55000

ആകെ – 257323/- രൂപയുടെ ബില്ലുകൾ മാത്രമാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. ബാക്കി 278848/-രൂപയുടെ (536171-257323) ബില്ലുകളും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

2) കെ.ജെ. അഞ്ജന, ഫാർമസിസ്റ്റിന്റെ നിയമന വ്യവസ്ഥകളനുസരിച്ച് ടിയാരി 200/- രൂപയുടെ മുദ്രപ്പത്രത്തിലുള്ള കരാർ വച്ചിട്ടില്ല. ടിയാരിയുടെ പേരിലുള്ള ഒന്നും എഴുതാത്ത BY988890-ാം നമ്പർ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ഉള്ളത്.

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/19.4.22) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 278848/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-19 അങ്കമാലി... 

## 1-19 അതുക്കുറ്റി സി.എച്ച്.സി. മെഡിക്കൽ ഓഫീസർ - പ്രോജക്ട് നടത്തിപ്പ് – രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

അത്രുക്കുറ്റി സി.എച്ച്.സി. മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകളുടെ രേഖകളൊന്നുംതന്നെ ഓഡിറ്റിനായി ലഭ്യമാക്കിയില്ല.

1). പ്രോജക്ട് നം./പേര് - 19/2020-21 – പെയിൻ & പാലിയേറ്റീവ് - ഗ്രാമപഞ്ചായത്തുകൾക്കുള്ള വിഹിതം

അടങ്കൽ - 800000/- (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 799254/-

2) പ്രോജക്ട് നം./പേര് - 21/2020-21 – ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെന്റ് ( ഇമേജ് പ്രോജക്ട്)

അടങ്കൽ - 200000/- (വികസന ഫണ്ട് - പൊതുവിഭാഗം)

ചെലവ് - 200000/-

ചെലവു രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/19.4.22) മറുപടി ലഭ്യമാക്കിയില്ല. ആകെ ചെലവു തുക 999254/- (799254 + 200000) തടസ്സപ്പെടുത്തുന്നു.

## 1-20 മത്സ്യ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് - മോണിട്ടറിംഗ് ഫലപ്രദമല്ല

മത്സ്യ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി 2020-21 വർഷം മൂന്ന് പദ്ധതികളിലൂടെ ബ്ലോക്ക് പഞ്ചായത്ത് 26,97,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. മത്സ്യ സഹകരണ സംഘങ്ങളിലെ വനിതാ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (പ്രോജക്ട് നം. 92/2021) എന്ന പ്രോജക്ട് പ്രകാരം 1761000/-രൂപയും മത്സ്യ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് (പ്രോ.നം 81/2021) എന്ന പ്രോജക്ട് പ്രകാരം 426000/-രൂപയും മത്സ്യത്തൊളിലാളി സ്ത്രീകൾക്ക് സംഘങ്ങൾ മുഖേന റിവോൾവിംഗ് ഫണ്ട് (പ്രോജക്ട് നം. 110/2021) എന്ന പ്രോജക്ട് പ്രകാരം 510000/-രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി അംഗമായ ഒരാൾക്ക് 3000/- രൂപയാണ് റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നത്. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേനയാണ് റിവോൾവിംഗ് ഫണ്ട് വിതരണം നടത്തിയിട്ടുള്ളത്. മേൽ പ്രോജക്ടുകൾ പ്രകാരം മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറിയ തുകയുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സംഘത്തിന്റെ പേര് | കൈമാറിയ തുക |
|---|---|---|
| 01 | അത്രുക്കുറ്റി വനിതാ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം നം. 215 | 456000 |
| 02 | തൃച്ചാറ്റുകുളം ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം നം. 279 | 165000 |
| 03 | അത്രുക്കുറ്റി ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം നം. 152 - | 1128000 |
| 04 | ചേന്നംപള്ളിപ്പുറം ഉൾനാടൻ മത്സ്യത്തൊഴിലാളി സഹകരണ സംഘം നം. | 636000 |

| | | |
|---|---|---|
| | 156 | |
| 05 | വരേകാട് മത്സ്യത്തൊഴിലാളി സഹകരണ സംഘം നം 465, തൈക്കാട്ടുശ്ശേരി. | 312000 |
| | ആകെ | 26,97,000 |

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് കൈമാറുന്ന തുക അംഗങ്ങൾക്ക് വിതരണം ചെയ്ത് 15 ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകണമെന്ന് തുക അനുവദിച്ചുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും സംഘങ്ങളൊന്നും തന്നെ ഇത്തരമൊരു റിപ്പോർട്ട് ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയതായി കാണുന്നില്ല. സംഘങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്ന തുക സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ക്രിയാത്മകമായ യാതൊരുവിധ നടപടികളും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അനുവദിക്കുന്ന റിവോൾവിംഗ് ഫണ്ട് യഥാസമയം അംഗങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 10/13.4.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-21 തേനുതറ കലുങ്ക് നിർമ്മാണം-പാണാവള്ളി പഞ്ചായത്ത് വാർഡ് 17

തേനുതറ കലുങ്ക് നിർമ്മാണം -പാണാവള്ളി പഞ്ചായത്ത് വാർഡ് 17

പ്രോജക്ട് നം. So 108/20-21 തേനുതറ കലുങ്ക് നിർമ്മാണം-പാണാവള്ളി പഞ്ചായത്ത് വാർഡ്17

ധനകാര്യകമ്മീഷൻ ഗ്രാന്റ്- 7,00,000

ചെലവ് - 6,94,050/-

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ, പാണാവള്ളി പഞ്ചായത്ത് വാർഡ് 17 ൽ തേനുതറ കലുങ്ക് നിർമ്മാണം എന്ന പ്രോജക്ടിന്റെ എസ്റ്റിമേറ്റിൽ ഐറ്റം നം.3 പ്രകാരം “Removing RCC Pipe Of 900 Mm (3 Set) And Staking At Site Within 50m എന്ന പ്രവൃത്തിക്കു വേണ്ടി 8426/-രൂപ ചെലവുണ്ട്. പൊളിച്ചു മാറ്റിയ ടി പൈപ്പുകൾ സൈറ്റിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയത് പാണാവള്ളി പഞ്ചായത്തിനു കൈമാറിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-22 ഐ.കെ.എം പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ ഐ.കെ.എം പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ (പ്രോജക്ട് നം. 01/21) എന്ന പ്രോജക്ട് പ്രകാരം 35896/- രൂപ (ബിൽ നം. 37/2.6.2020) ഐ.കെ.എം-ന് നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം-ൽ നിന്നും കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ 35896/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-23 അഗതി രഹിത കേരളം - രേഖകൾ ഹാജരാക്കിയില്ല, ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്തുകളിലെ അഗതി രഹിത കേരളം പദ്ധതികൾക്ക് വിഹിതം നൽകുന്നതിനായി 2020-21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ അഗതി രഹിത കേരളം പ്രവർത്തനങ്ങൾക്ക് വിഹിതം നൽകൽ (പ്രോജക്ട് നം. 22/21) എന്ന സംയുക്ത പ്രോജക്ട് പ്രകാരം 300000/- രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ഫയലും അനുബന്ധ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് ടി തുക നൽകിയതെന്ന് വ്യക്തമല്ല. രേഖകളുടെ അഭാവത്തിൽ 3,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 13/19.4.2022) മറുപടി ലഭ്യമാക്കിയില്ല.

## 1-24 അംഗൻവാടി നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

2020-21 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ അംഗൻവാടി നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം (പ്രോജക്ട് നം. 48/21) എന്ന പ്രോജക്ട് പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 1000000/- രൂപ പിൻവലിച്ച് എം.ജി.എൻ.ആർ.ഇ.ജി സ്റ്റേറ്റ് മിഷന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചതായി വെബ് സാംഖ്യയിൽ കാണുന്നു. ടി പ്രോജക്ടിന്റെ ഫയലും അനുബന്ധ ചെലവ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (നം.13/19.4.2022) നൽകിയെങ്കിലും ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ഏത്

പഞ്ചായത്തിലെ അംഗൻവാടികളുടെ നിർമ്മാണത്തിനായാണ് തുക നൽകിയതെന്ന് വ്യക്തമല്ല. രേഖകളുടെ അഭാവത്തിൽ 10,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ചെലവ് വിവരം.

ബിൽ നം. 87/30.9.2020 – 10,00,000/-

## 1-25 ലൈഫ് ഭവന പദ്ധതിയ്ക്ക് വിഹിതം നൽകൽ - രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു

2020-21 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ ലൈഫ് ഭവന നിർമ്മാണത്തിന് ബ്ലോക്ക് വിഹിതം ജനറൽ എന്ന പദ്ധതിയ്ക്കായി (പ്രോജക്ട് നം. 03/21) പദ്ധതി വിഹിതത്തിൽ നിന്നും 18,84,500/- രൂപ ചെലവഴിച്ചിട്ടുള്ളതായി സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതൊക്കെ ഗ്രാമപഞ്ചായത്തുകൾക്കാണ് ടി തുക അനുവദിച്ചിട്ടുള്ളതെന്നത് സംബന്ധിച്ച് രേഖകളൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഡി.പി.സി അംഗീകരിച്ച പ്രോജക്ടും ബ്ലോക്ക് വിഹിതം ആവശ്യമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റും ഭരണ സമിതി തീരുമാനവും സഹിതം അപേക്ഷ നൽകുന്ന മുറയ്ക്കാണ് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ പ്രോജക്ട് ഏറ്റെടുക്കുന്നത്. തുടർന്ന് ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ടതിന് ശേഷമാണ് ഗ്രാമപഞ്ചായത്ത് മുഖേന ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നത്. സംയുക്ത പ്രോജക്ടുകൾക്ക് തുക അനുവദിക്കുമ്പോൾ പാലിക്കേണ്ട മേൽ നടപടിക്രമങ്ങൾ പാലിച്ചതിന്റെ രേഖകളൊന്നും ഓഡിറ്റിനായി ഹാജരാക്കിയില്ല. ഏതൊക്കെ ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾ ക്കായിട്ടാണ് മേൽ തുക വിനിയോഗിച്ചിട്ടുള്ളതെന്ന വിവരം പോലും ഗ്രാമപഞ്ചായത്തിൽ നിന്നും വാങ്ങി സൂക്ഷിച്ചിട്ടില്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 14/19.4.2022) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തടസ്സപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 1-26 വനിതാ ഗ്രൂപ്പുകൾക്ക് തെങ്ങിൻതൈ നഴ്സറി (പ്രോ.നം 79/21) - പദ്ധതിയുടെ മോണിട്ടറിംഗ് നടത്തിയില്ല, ഭൗതിക ലക്ഷ്യം കൈവരിച്ചതായി രേഖയില്ല

അരൂക്കുറ്റി, ചേന്നംപള്ളിപ്പുറം, പാണാവള്ളി ഗ്രാമപഞ്ചായത്തുകളിലെ വിവിധ ജെ.എൽ.ജി കാർഷിക ഗ്രൂപ്പുകൾക്ക് തെങ്ങിൻതൈ നഴ്സറി ആരംഭിക്കുന്നതിനായി ആസൂത്രണം ചെയ്തു നടപ്പാക്കിയ പ്രോജക്ടാണിത്. ഇതിനായി ടെണ്ടർ നടപടികളിലൂടെ ഫ്ലോറാ ഗാർഡൻസ് മുഹമ്മയിൽ നിന്നും 16445 വിത്തു തേങ്ങകൾ വാങ്ങുന്നതിനായി 488410/- രൂപ ചെലവഴിച്ചിട്ടുണ്ട്. അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന് കീഴിലുള്ള നാല് കാർഷിക ഗ്രൂപ്പുകൾക്കായി 2445 വിത്തു തേങ്ങകളും പാണാവള്ളി ഗ്രാമപഞ്ചായത്തിന് കീഴിലുള്ള എട്ട് കാർഷിക ഗ്രൂപ്പുകൾക്കായി 8000 വിത്തു തേങ്ങകളും ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള പന്ത്രണ്ട് കാർഷിക ഗ്രൂപ്പുകൾക്കായി 6000 വിത്തു തേങ്ങകളും വിതരണം നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി കാർഷിക ഗ്രൂപ്പുകൾ കൈപ്പറ്റിയ വിത്തു തേങ്ങകൾ തെങ്ങിൻതൈ ഉല്പാദനത്തിനായി വിനിയോഗിച്ചതായി ബന്ധപ്പെട്ട കൃഷി ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ ഇത്തരത്തിൽ ഉല്പാദിപ്പിച്ച തെങ്ങിൻതൈകൾ ഫലപ്രദമായി വിതരണം നടത്തിയതിന്റെ വിശദാംശങ്ങളും ഫയലില്ല.

പദ്ധതി വിഹിതം ചെലവഴിച്ച് ഗ്രൂപ്പുകൾക്ക് വിത്തുതേങ്ങകൾ വാങ്ങി നൽകി പദ്ധതി പ്രവർത്തനം അവസാനിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. ഗ്രൂപ്പുകൾക്ക് കൈമാറിയ വിത്ത് തേങ്ങകൾ ഫലപ്രദമായി വിനിയോഗിച്ചുവെന്ന് ഉറപ്പാക്കുവാൻ കൃഷി ഓഫീസർമാരോ മോണിട്ടറിംഗ് സമിതിയോ നടപടി സ്വീകരിച്ചതായി കാണുന്നില്ല. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ നിർവ്വഹണ വേളയിൽ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിച്ച് പദ്ധതി ഫലപ്രാപ്തിയിലെത്തിയെന്ന് ഉറപ്പാക്കേണ്ടതാണ്. കേവലം പദ്ധതിപ്പണം ചെലവഴിക്കുന്നതിന് മാത്രമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 09/13.4.2022) മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പത്രപരസ്യം നൽകിയത് - ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

താഴെപ്പറയുന്ന പത്രപ്പരസ്യങ്ങൾക്കായി ചെലവഴിച്ച തുകകളിൽ നിന്നും 15% ട്രേഡ് ഡിസ്കൗണ്ട് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | വൗച്ചർ നം. | തുക | ദിനപ്പത്രം | ബിൽ നം. | GST കുറച്ചുള്ള തുക |
|---|---|---|---|---|---|
| 1 | 4-5/20 | 10920/-<br>( ചെക്ക് നം. 2783633/11.5.20 ) | മാതൃഭൂമി | ബിൽ ലഭ്യമാക്കിയില്ല | 10400/- |
| 2 | 2-7/20 | 14166/- (8736 + 5430)<br>(ചെക്ക് നം. 2899188/1.7.20) | മാതൃഭൂമി | - ടി - | 13491/- |
| 3 | 11-10/2020 | 23642/- ( 8736 + 6388 + 8518)<br>(ചെക്ക് നം. 1971072/23.10.20) | മാതൃഭൂമി | 321000031219/26.8.20- 8736/-<br>321000034654/5.9.20- 6388/-<br>321000032276/29.8.20- 8518/- | 22516/- |
| 4 | 2-1/2021 | 16244/- (10920 + 5324)<br>(ചെക്ക് നം. 1764056/5.1.21) | മാതൃഭൂമി | 321000045175/11.10.20- 10920/-<br>321000052474/29.10.20- 5324/- | 15510/- |
| | | ആകെ തുക | | | 61917 |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് (നം. 2/8.4.22, 4/11.4.22) മറുപടി ലഭ്യമാക്കിയില്ല. ട്രേഡ് ഡിസ്കൗണ്ട് 9287/- രൂപ (61917 X 15%) ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 2020-21 | 45000 | പി.എം.എ.വൈ | 45000 | 0 |
| പള്ളിപ്പുറം ഗ്രാമപഞ്ചായത്ത് | 2020-21 | 10000 | ലൈഫ് | 0 | 10000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 56394611 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 55353727 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9,287 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,04,319 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 9,287 | ശ്രീ,ബിജുകുമാർ,എ. സെക്രട്ടറി |
| ആകെ | | 9,287 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 1,21,682 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-14 | 40,000 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-15 | 16,96,214 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, |
| 1-16 | 2,47,925 | |
| 1-18 | 2,78,848 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, |
| 1-19 | 9,99,254 | ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, |
| 1-22 | 35,896 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-23 | 3,00,000 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |

| | | |
|---|---|---|
| 1-24 | 10,00,000 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| 1-25 | 18,84,500 | ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി |
| ആകെ | 66,04,319 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബിജുകുമാർ,എ. സെക്രട്ടറി | റിട്ടയേർഡ് | 22/17,ശ്രീപത്മനാഭം,വാരനാട് പി.ഓ.,ചേർത്തല |
| ശ്രീ.കെ.എ.ജോർജ്ജ് മെഡിക്കൽ ഓഫീസർ, | മെഡിക്കൽ ഓഫീസർ,മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് | കാട്ടിത്തറ ഹൗസ്,അരൂർ,ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 മുതൽ 2009-10 വരെ | എൽ.എഫ്.ജി.എ5-832/11/31.1.12 |
| 2006-07 | എൽ.എഫ്.ജി.എ.5-1577/ 14/5.7.14 |
| 2007-08 | എൽ.എഫ്.ജി.എ.5-1577/ 16.5.14 |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14/7.6.14 |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14/16.5.14 |
| 2010-11 &11-12 | എൽ.എഫ്.എ.ബി.പി.1/766/13/21.1.14/11.4.14 |
| 2012-13 &13-14 | എൽ.എഫ്.എ.ബി.പി.320/2015/1/6/15 |
| 2014-15&2015-2016 | കെ.എസ്.എ 225/എ.എൽ.പി/ബി.പി./17/10.3.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/ബി.പി-1371/7/ 08.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/ബി.പി-33/2019/ 05.01.2019 |
| 2018-2019 | കെ.എസ്.എ/എ.എൽ.പി/ബി.പി-776/2019/ 18.9.2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്